"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - തിരുവനന്തപുരം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ജ്യോതിഷ് കുമാർ എസ്-ന് ശ്രീ.അബ്ദുൾ ലാറിഷ് സംവിധാനം ചെയ്യാനുദ്ദേശിക്കുന്ന "Darkless" എന്ന ലഹരിക്കെതിരെയുള്ള ബോധവൽക്കരണ സിനിമയിൽ അഭിനയിക്കുന്നതിന് ഉപാധികളോടെ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.86/2025/POWER തീയതി,തിരുവനന്തപുരം, 19-04-2025

---

പരാമർശം:-
1. ശ്രീ.ജ്യോതിഷ് കുമാർ എസ്, അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷ.
2. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 24.02.2025 തീയതിയിലെ സിഇഐ/579/2025-ഇ2 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.അബ്ദുൾ ലാറിഷ് സംവിധാനം ചെയ്യാനുദ്ദേശിക്കുന്ന "Darkless" എന്ന് നാമകരണം ചെയ്യപ്പെട്ട ലഹരിക്കെതിരെയുള്ള ബോധവൽക്കരണ സിനിമയിൽ പ്രതിഫലേച്ഛയില്ലാതെയും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന് തടസ്സം വരാത്ത രീതിയിൽ അഭിനയിക്കാൻ അനുവാദം നൽകണമെന്ന് തിരുവനന്തപുരം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ജ്യോതിഷ് കുമാർ എസ് പരാമർശം-1 പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ടിയാന്റെ അപേക്ഷ തുടർനടപടികൾ സ്വീകരിക്കാൻ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം-2 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ശ്രീ.ജ്യോതിഷ് കുമാർ എസ്-ന് ശ്രീ.അബ്ദുൾ ലാറിഷ് സംവിധാനം ചെയ്യാനുദ്ദേശിക്കുന്ന "Darkless" എന്ന് നാമകരണം ചെയ്യപ്പെട്ട ലഹരിക്കെതിരെയുള്ള ബോധവൽക്കരണ സിനിമയിൽ അഭിനയിക്കുന്നതിന്, 1960 ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48 ന്റെ ആദ്യ പ്രൊവിസോ പ്രകാരം പ്രതിഫലം കൈപ്പറ്റാതെയും, ഔദ്യോഗിക

കൃത്യനിർവ്വഹണത്തിന് തടസ്സമില്ലാതെയും എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതും; പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരിനെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലാത്തതുമാകുന്നു എന്ന വ്യവസ്ഥകളോടെ, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PREETHY C S**

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, കേരള, തിരുവനന്തപുരം.

ശ്രീ.ജ്യോതിഷ് കുമാർ എസ്, അസിസ്റ്റന്റ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം, തിരുവനന്തപുരം. (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ& ഇ), വകുപ്പ്.

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഉപദേശ - എ) വകുപ്പ് (26.03.2025 തീയതിയിലെ ADV-A3/78/2025-P&ARD പ്രകാരം)

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.

കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manoj S
Date: 21-04-2025 13:23:22

സെക്ഷൻ ഓഫീസർ